"ഭരണഭാഷ - മാതൃഭാഷ"

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 27/09/2018

**പരിപത്രം**

വിഷയം:- പൊതുവിദ്യാഭ്യാസം -ആഭ്യന്തര ഓഡിറ്റ് - ഇനം തിരിച്ചറിയാത്ത നീക്കിയിരിപ്പ് തുകകളുടെ തിരിച്ചടവ് - സംബന്ധിച്ച്

സൂചന:- 1. പൊതുവിദ്യാഭ്യാസ ഡയരക്ടറാഫീസിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനാ റിപ്പോർട്ടുകളിലെ പരാമർശങ്ങൾ.

പൊതുവിദ്യാഭ്യാസ ഡയരക്ടറാഫീസിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം 2017-18 വർഷം സംസ്ഥാനതലത്തിൽ നടത്തിയ ആഭ്യന്തരകണക്കു പരിശോധനകളുടെ റിപ്പോർട്ടുകൾ പ്രകാരം പല ഓഫീസുകളിലും ഇനം തിരിച്ചറിയാത്തതായി കൈയിരിപ്പായും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പായും ഭീമമായ തുകകൾ വർഷങ്ങളായി സൂക്ഷിക്കുന്നുണ്ടെന്നു കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ തുക സൂക്ഷിക്കുന്നത് ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനമാണ് എന്നതിനാൽ ഇനം തിരിച്ചറിയാത്തതായി തുക നീക്കിയിരിപ്പ് സൂക്ഷിച്ചിട്ടുള്ള ആഫീസുകളുടെ മേലധികാരികൾ അടിയന്തരപ്രാധാന്യത്തോടെ ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി തുകകൾ എത്രയെന്നു തിട്ടപ്പെടുത്തി **2018 ഒക്ടോബർ 31** നകം പൂർണമായും തിരിച്ചടച്ച് നടപടി പൂർത്തീകരിക്കേണ്ടതാണ്. അന്വേഷണപ്രകാരം ഒരുതരത്തിലും ഇനം/ഏതു സ്കീമുമായി ബന്ധപ്പെട്ടത് എന്ന് തിരിച്ചറിയാൻ പറ്റാത്ത നീക്കിയിരിപ്പ് തുകകളിൽ **പ്രൈമറി വിഭാഗം സംബന്ധിച്ച തുകകൾ 2202-01-911-99(NP)** എന്ന ശീർഷകത്തിലും **സെക്കണ്ടറി വിഭാഗം തുകകൾ 2202-02-911-99(NP)** എന്ന ശീർഷകത്തിലും **പലിശ ഇനത്തിലെ തുകകൾ** 0049-04-800-80-Miscellaneous Receipts എന്ന ശീർഷകത്തിലും ഒടുക്കേണ്ടതാണ്.

ഈ വിഷയത്തിലെ ജില്ലാതല ഏകോപന പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസ ഉപഡയരക്ടറാഫീസുകളിലെ അക്കൗണ്ട്സ് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു. അക്കൗണ്ട്സ് ഓഫീസർമാർ ജില്ലയിലെ സ്കൂളുകളിലും ഓഫീസുകളിലും നീക്കിയിരിപ്പുള്ള തുകകളുടെ തിരിച്ചടവു സംബന്ധിച്ച വിവരങ്ങൾ വരവ്ചെലവു റിക്കൺസൈൽ വിഭാഗം മുഖാന്തിരം ശേഖരിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത പ്രോഫോർമയിൽ ക്രോഡീകരിച്ചു തയ്യാറാക്കി **2018 നവംബർ 15** നകം സീനിയർ ഫിനാൻസ് ഓഫീസർക്ക് സമർപ്പിക്കുന്നതിനായി dpiauditwing@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണ്. പ്രൈമറി, സെക്കണ്ടറി, പലിശ എന്നിവ ഓരോന്നും വെവ്വേറെ പ്രോഫോർമയിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ധനപരമായ വിഷയമായതിനാൽ ഇക്കാര്യത്തിൽ കാലതാമസം അനുവദനീയമല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അക്കൗണ്ട്സ് ഓഫീസർമാർ ആഭ്യന്തര ഓഡിറ്റ് നടത്തുമ്പോൾ ഓഫീസ് മേലധികാരികൾ ഇനം തിരിച്ചറിയാത്ത തുകകൾ പൂർണമായും തിരിച്ചടച്ചോ എന്ന് കാഷ് ബുക്ക്, ബാങ്ക് പാസ് ബുക്ക് മുതലായവ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

Latha S.

സീനിയർ ഫിനാൻസ് ഓഫീസർ,
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

**ഉള്ളടക്കം**

## പ്രോഫോർമ

**ശീർഷകം:**

| ക്രമ നം. | ഓഫീസിന്റെ/സ്കൂളിന്റെ പേര് | ഒടുക്കിയ ആകെ തുക | ചലാൻ നമ്പർ | തീയ്യതി | ട്രഷറിയുടെ പേര് | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| ആകെ തുക | | | | | | |

സ്ഥലം:
തീയ്യതി:

ഒപ്പം സീലും